**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1054 05.03.2020-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ലൈറ്റ് മെട്രോ മേൽപാല നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാല നിർമ്മാണം സംബന്ധിച്ച പ്രഖ്യാപനം 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാലം, പട്ടം ജംഗ്ഷനിൽ അണ്ടർ പാസ്സേജ് എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പിന്നീട് 2016 സെപ്റ്റംബറിൽ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചു |
| (ബി) | പ്രഖ്യാപനം കഴിഞ്ഞ് ഏകദേശം നാല് വർഷമായിട്ടും ഇക്കാര്യത്തിൽ പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടാണ്; | (ബി) | 2016-17 തന്നെ പ്രസ്തുത പദ്ധതികൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. രൂപരേഖകൾ തയ്യാറാക്കുക, അവ പരിശോധിച്ച് അംഗീകരിക്കുക, കിഫ്ബിയുടെ പ്രാഥമിക അംഗീകാരം ലഭ്യമാക്കുക, സ്ഥലമെടുപ്പിനുള്ള വിശദ വിവരങ്ങൾ തയ്യാറാക്കുക എന്നീ പ്രവൃത്തികൾ 2017 – ൽ പൂർത്തിയാക്കുകയും തുടർന്ന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തു. മൂന്ന് മേൽപ്പാലങ്ങളുടെയും സ്ഥലമെടുപ്പിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ശ്രീകാര്യം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ താമസിയാതെ പൂർത്തിയാകും. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (സി) | മേൽപ്പാല നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) & (ഡി) | മേൽപ്പാല നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ |

| | | |
|---|---|---|
| (ഡി) | പ്രസ്തുത മേൽപ്പാലങ്ങൾക്ക് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; കിഫ്ബിയുടെ ധനസഹായം ഇതിന് ലഭ്യമാണോ; വ്യക്തമാക്കാമോ? | സ്ഥലമെടുപ്പിനും 272 കോടി രൂപയ്ക്ക്, 08.09.2016 ലെ ജി.ഒ. (എം.എസ്) നമ്പർ 67/2016 പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. KIIFB യിൽ നിന്ന് ഈ പദ്ധതിക്കാവശ്യമായ തുക അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ